# എല്ലാം അറിയുന്നവൻ അല്ലാഹു മാത്രം

ഒരിക്കൽ നബി (ﷺ) ഒരു പത്തംഗ സംഘത്തെ നിയോഗിച്ചയച്ചു. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആസ്വിം ﷺ ആയിരുന്നു സംഘത്തിന്റെ തലവൻ. ശത്രുക്കളുടെ നീക്കം അറിയുകയായിരുന്നു ലക്ഷ്യം. അവർ ദിവസങ്ങളോളം സഞ്ചരിച്ചു. അതിനിടയിൽ ശത്രുക്കൾ ആ സംഘത്തെക്കുറിച്ച് മനസ്സിലാക്കി. അവർ ഒരു കുന്നിൻ മുകളിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചു. പക്ഷേ, ശത്രുക്കൾ അവിടെ വെച്ച് അവരെ വളഞ്ഞു. അവരെ കൊല്ലുവാനായി അമ്പുകളെടുത്തു. ഒരു രക്ഷയുമില്ല. ഈ വിവരം നബി (ﷺ)യെ അറിയിക്കുവാൻ അവർ ആഗ്രഹിച്ചു. അപ്പോൾ നേതാവ് ആസ്വിം ﷺ പ്രാർത്ഥിച്ചു. البخاري – اَللّٰهُمَّ أَخْبِرْ عَنَّا نَبِيَّكَ "അല്ലാഹുവേ, ഞങ്ങളെ സംബന്ധിച്ച് നിന്റെ നബിയെ നീ വിവരമറിയിക്കേണമേ." തുടർന്ന് അവരിൽ എട്ടു പേർ അവിടെ വെച്ചും രണ്ടു പേർ മക്കയിൽ വെച്ചും വധിക്കപ്പെട്ടു. ഉടനെ ജിബ്‌രീൽ (അ) വന്ന് നബി (ﷺ) യെ വിവരമുണർത്തി.

ഇവിടെ ആസ്വിം ﷺ എന്താണ് ചെയ്തത്. നബി(ﷺ)യെ വിവരമറിയിക്കുവാനായി അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചു. എന്തു കൊണ്ടാണ് അദ്ദേഹം നബി(ﷺ)യെ നേരിട്ട് വിളിക്കാതിരുന്നത്? നബി (ﷺ) കുറച്ചപ്പുറത്ത് മദീനയിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. അദ്ദേഹം മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠനുമാണ്. എന്നിട്ടും എന്തുകൊണ്ടാണ് അനുയായികൾ അപകടത്തിൽ പെട്ട വിവരം ജിബ്‌രീൽ (അ) വന്ന് പറയേണ്ടി വന്നത്? ആ കാര്യമാണ് നാം മനസ്സിലാക്കേണ്ടത്. എത്ര ശ്രേഷ്ഠനാണെങ്കിലും മനുഷ്യന്റെ കാഴ്ചക്ക് പരിധിയുണ്ട്. കേൾവിക്ക് അതിരുണ്ട്. അതു കൊണ്ട് തന്നെ അറിവിനും പരിമിതിയുണ്ട്.

അകലെയുള്ള കാര്യങ്ങൾ മനുഷ്യന് കാണാൻ സാധ്യമല്ല. ദൂരെ നിന്ന് വിളിച്ചാൽ അവൻ കേൾക്കുകയുമില്ല. എന്നു വേണ്ട, തൊട്ടടുത്തിരിക്കുന്ന മനുഷ്യൻെറ മനസ്സിലുള്ള കാര്യങ്ങൾ അവനറിയാൻ കഴിയുമോ? ഇല്ല. നാളെ എന്തു സംഭവിക്കുമെന്ന് വല്ലവനും പറയാനൊക്കുമോ? അതുമില്ല. ഇതാണ് ജീവിച്ചിരിക്കുമ്പോൾ തന്നെ മനുഷ്യൻെറ അവസ്ഥ. അങ്ങിനെയുള്ള മനുഷ്യൻ മരിച്ചാലോ? ജീവിത കാലത്തെ കഴിവുകൾ നഷ്ടപ്പെടുന്ന അവസ്ഥക്കല്ലേ നാം മരണമെന്നു പറയുന്നത്? എന്നിട്ടും മനുഷ്യരിൽ ചിലർ മൺമറഞ്ഞു പോയവരെ വിളിച്ചു പ്രാർത്ഥിക്കുന്നു. അവരുടെ പേരിൽ ഉണ്ടാക്കപ്പെട്ട ജാറങ്ങളിൽ നേർച്ചകളും വഴിപാടുകളുമർപ്പിക്കുന്നു. എത്ര ദുഃഖകരമായ കാഴ്ച! ചിന്തിച്ചു നോക്കുക.



കാഴ്ചയ്ക്കും കേൾവിക്കും പരിധിയില്ലാത്തവൻ അല്ലാഹു മാത്രമേയുള്ളൂ. അതുകൊണ്ടു തന്നെ എല്ലാ കാര്യങ്ങളും അറിയുന്നവനും അവൻ മാത്രമാണ്. വലിയ കാര്യങ്ങളെന്ന പോലെ ചെറിയ കാര്യങ്ങളും അവൻ അറിയുന്നു. രഹസ്യമായതും പരസ്യമായും ഒരുപോലെ അവൻ അറിയുകയും ചെയ്യുന്നു. വെള്ളത്തിനടിയിലൂടെ സഞ്ചരിക്കുന്ന ഒരു ചെറിയ മത്സ്യത്തിൻെറ ചലനം പോലും അവൻ കാണുന്നു. അവൻ അറിയാതെ മരത്തിൽ നിന്ന് ഒരു ഇല പോലും കൊഴിയുന്നില്ല.

يَعْلَمُ خَائِنَةَ الأَعْيُنِ وَمَا تُخْفِي الصُّدُورُ

കണ്ണുകളുടെ കട്ടു നോട്ടവും ഹൃദയങ്ങൾ ഒളിച്ചു വെയ്ക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു (40:19)

നാം എവിടെയായിരുന്നാലും അല്ലാഹു നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. അവനറിയാതെ നമുക്ക് യാതൊരു കാര്യവും ചെയ്യാൻ കഴിയുകയില്ല.

പോലീസിൻെറ കണ്ണു തെറ്റിക്കാൻ കഴിഞ്ഞേക്കാം. കോടതിയെ കബളിപ്പിക്കാൻ സാധിച്ചേക്കാം. ലോകത്ത് മറ്റൊരു മനുഷ്യനുമറിയാതെ കുറ്റങ്ങൾ ചെയ്യാൻ അവസരം ലഭിക്കുകയും ചെയ്തേക്കാം. എന്നാൽ അല്ലാഹുവിൻെറ അറിവിൽ പെടാതെ നമുക്ക് യാതൊന്നും ചെയ്യാൻ സാധ്യമല്ല. നാം നിത്യേന നമസ്കരിക്കുന്നു. ഇടപാടുകൾ നടത്തുന്നു. സംസാരിക്കുന്നു. മറ്റുള്ളവരുമായി ഇടപഴകുകയും ചെയ്യുന്നു. ഈ സന്ദർഭങ്ങളിലെല്ലാം അല്ലാഹു നമ്മെ കാണുന്നുണ്ട് എന്ന ഓർമ നമുക്കുണ്ടായിരിക്കണം. നാം അവനെ കാണുന്നില്ല. പക്ഷെ അവൻ നമ്മെ കാണുന്നുണ്ട്.

وَهُوَ مَعَكُمْ أَيْنَ مَا كُنْتُمْ

നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളോടൊപ്പമുണ്ട് (57:4)

കടപ്പാട്
കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്